വരയാടിനൊപ്പം ഏത് വഴുക്കുന്ന പാറയും കയറുന്ന കുമാരന്റെകൂടെ ഷോളയാർ കാടിന്റെ നിഗൂഢതകളിലേക്ക് നടത്തിയ വനയാത്രയുടെ അനുഭവങ്ങൾ പ്രശസ്ത വന്യജീവി ഫോട്ടോഗ്രാഫർ എൻ.എ. നസീർ പങ്കുവയ്ക്കുന്നു.

# മഴക്കാടുകളിൽ പൊഴിഞ്ഞു വീഴുന്ന ഇലകൾ

എൻ. എ. നസീർ

'സ്നേഹത്തോടെ കൈപിടിച്ച്
കാടിന്റെ ഹരിത
ഭംഗിയിലേക്ക് കൂട്ടികൊണ്ടുപോയ
ഒരാൾ.
തീരാനൊമ്പരങ്ങളും ഓർമ്മകളും
അവശേഷിപ്പിച്ച്
തിരികെ എത്താതെ...
മനസ്സിന്റെ അടരുകളിലെവിടെയൊ
പൂത്തുലഞ്ഞുനിന്ന
ഒരു കാട് കത്തിക്കരിഞ്ഞുപോയ
പോലെ..."

മഴക്കാടുകളിലേക്കുള്ള എന്റെ യാത്രകളിലൊക്കെ ഒരു ആദിവാസി മുഖം തെളിഞ്ഞുവരും. ഏറെ ചെറുപ്പമായിരുന്നു എനിക്കന്ന്. നേച്ചർ ക്ലാസുകളെക്കുറിച്ചോ, അറിവില്ലായിരുന്നു. കാടിനോടുള്ള ഒടുങ്ങാത്ത പ്രണയം മൂലം നേരെ മഴക്കാടിലേക്ക് ചെന്നു വീഴുകയായിരുന്നു. ഒരു പക്ഷിയുടെ ചിറകടി കേട്ട് അന്വേഷിച്ചുപോയതല്ല. ഒരു ക്യാമറ ഉണ്ടെന്ന അഹങ്കാരത്തിൽ കാട്ടിൽകയറി പോയതുമല്ല. ക്യാമറയൊന്നും സ്വപ്നത്തിൽ പോലും വരാത്തകാലം.

കാടിന്റെ വിസ്മയിപ്പിക്കുന്ന ആ ആകാരസൗന്ദര്യത്തിൽ ഭ്രാന്തനാവുകയായിരുന്നു. കാടോ, വിടാതെ എന്നെ ചേർത്തു പിടിക്കുകയും ചെയ്തു.

ഇരുപത്തിയഞ്ച് വർഷം മുമ്പായിരുന്നു ഷോളയാർ കാടിന്റെ നിഗൂഢതകളിലേക്കെന്നെ കുമാരൻ എന്ന മുതുവാൻ കൂട്ടിക്കൊണ്ടുപോയത്. ഒരു ഇലയിൽ തൊടുമ്പോളയാൾ ആ കാട്ടുവള്ളിയുടെ വംശാവലിയേപറ്റിയും അവയെ സംരക്ഷിച്ചു നിർത്തുന്ന വന ദൈവങ്ങളെകുറിച്ചും പറയും. ഒരു കാട്ടരുവിയിൽ തൊടുമ്പോൾ അതിനു ജന്മം നല്കിയ മഴക്കാടുകളെകുറിച്ചും അവയെ സംരക്ഷിച്ചുനിർത്തുന്ന വനദൈവങ്ങളെക്കുറിച്ചും പറയും. ഇരുൾ മൂടിയ ഈറ്റക്കാടുകളിലൂടെ നടന്നു നീങ്ങുമ്പോൾ 'കൂടപാമ്പ്' (കിങ് കോബ്ര) എന്ന നാഗരാജാവിനെകുറിച്ചും അതിനെ കാത്തു സംരക്ഷിക്കുന്ന വന ദൈവങ്ങളെകുറിച്ചും പറയും. അതായിരുന്നെനിക്ക് അടിച്ചിൽതൊട്ടി മുതുവാകുടിയിലെ കുമാരനെന്ന മുതുവാൻ.

കുമാരനും തൊപ്പക്കയ്യനും നടരാജനുമൊക്കെയായിരുന്നു എന്നെ പ്രകൃതി നിരീക്ഷണങ്ങളുടെ ലോകത്തേക്കുള്ള ആദ്യ പാഠങ്ങൾ ചൊല്ലിത്തന്നവരെന്നു പറയാം. ഈ മുതുവായുവാക്കൾക്കൊപ്പം, ഷോളയാർ കാടിന്റെ നിഗൂഢതകളിലലയുകയായിരുന്നു ഞാൻ. ഇവരിൽ കുമാരനായിരുന്നു ലീഡർ. അടിച്ചിൽ തൊട്ടി മുതുവാകുടിയിൽ കുമാരനോളം സാഹസികനായ മുതുവായുവാക്കൾ അക്കാലത്ത് കുറവായിരുന്നു. ആദിവാസികളുടെ ആരണ്യസംസ്കാരം എങ്ങനെയെന്ന് പതുക്കെ പതുക്കെ ഞാൻ അയാളിൽനിന്നും അറിയുകയായിരുന്നു.

ജൈവവൈവിദ്ധ്യംകൊണ്ട് അതി സമ്പന്നമായ ആ വനമേഖലകളിലെ കാട്ടുപഴങ്ങളും കാട്ടു കിഴങ്ങുകളും കാട്ടുതേനും, അവ എതേതു ഋതുക്കളിൽ എവിടെയൊക്കെ കാണും എന്ന് കുമാരൻ എന്നെ പഠിപ്പിച്ചു. മഞ്ഞുകാലങ്ങളിലും വേനൽക്കാലങ്ങളിലും വർഷക്കാലങ്ങളിലും ഏറെ ആഹ്ലാദത്തോടെ ഞങ്ങൾ ആ മഴക്കാട്ടിൽ സഞ്ചരിച്ചു.

ഒരിക്കൽ കുമാരനും തൊപ്പകൈയ്യനുമെന്നെ 'മാവേലി മേട് കുത്ത്' എന്ന വലിയ ഒരു വെള്ളച്ചാട്ടം കാണിക്കുവാൻ കൊണ്ടുപോയി. ആ യാത്രയിലാണ് സിംഹവാലൻകുരങ്ങുകളെ ആദ്യമായി കാണുന്നത്. 'സൈലന്റ് വാലി സിംഹവാലൻ'' എന്നാണ് ഞാനന്നേവരെ കേട്ടിരുന്നതും വായിച്ചിരുന്നതും. 'ശിങ്കള വാലൻ'മാരെ കാണുക കുമാരനും കൂട്ടുകാർക്കും ഏറെ ആഹ്ലാകരമായ ദൃശ്യമാണ്. വൻ വൃക്ഷചോടുകളുടെ മറപറ്റി, ഏറെ നേരം അവയുടെ വിക്രിയകൾ ഞങ്ങൾ കണ്ടുനിന്നു. കാട്ടാൽമരങ്ങളും വെടിപ്ലാവുകളും യഥേഷ്ഠം ഉള്ള ഷോളയാർ കാടുകളിൽ സിംഹവാലന്മാർ ഒട്ടും കുറവല്ലായിരുന്നു എന്ന് അങ്ങോട്ടുള്ള എന്റെ പിൻകാല വനയാത്രകളി

ലൊക്കെ തെളിഞ്ഞിരുന്നു.

ഒരിക്കൽ കപ്പായം വഴി വാരിയം കുടിയിലേക്കൊരു യാത്രപോയി ഞാനും കുമാരനും. അടിച്ചിൽതൊട്ടിയിൽ നിന്നും വാരിയംകുടിക്ക് നടക്കുക എന്നു പറഞ്ഞാൽ ഒരു മാതിരി മുതുവാന്മാരൊന്നും ആവഴി പോകില്ല. അതിനാൽ തേരകുടി, തലവച്ച പാറ വഴിയേ പോകുകയുള്ളു. ദൂരം കൂടുതലാണെങ്കിലും ഇത്ര കഠിനമല്ല. ബകരിമലയുടെ ചോട്ടിലൂടെ കുത്തനെ താഴോട്ടിറങ്ങിചെല്ലുമ്പോൾ തന്നെ ഒരു പരുവമാകും. താഴെ ഇടമലയാറ്റിൽ നിറയെ വെള്ളാരംകല്ലുകളാണ്. പുഴയുടെ നടുവിൽ മഴവെള്ളപാച്ചിലിൽ ചില വിചിത്രാകൃതി പൂണ്ടു നില്ക്കുന്ന ഭീമൻ പാറകളുണ്ട്. ശക്തമായ ഒഴുക്കിൽ പോലും, കാലിടറാത്ത കുമാരന്റെ കൈ പിടിച്ചാണ് ഞാൻ അക്കരെ പറ്റിയത്. പിന്നെ കുത്തനെ ഒരു കയറ്റമാണ്. കുത്തനെ എന്നു പറഞ്ഞാൽ മുന്നിലേക്കു കാലെടുത്തുവെച്ചാൽ മുട്ടുകാൽ നെഞ്ചിൽ മുട്ടും! ഈറ്റക്കാടുണ്ട് കുറച്ചു ദൂരം. നിലത്തു പൊഴിഞ്ഞു കിടക്കുന്ന ഈറ്റ ഇലകളിൽ ചവിട്ടിയാൽ താഴേക്ക് തെന്നി ഒരു പോക്കുണ്ട്. അപ്പോഴേക്കും ഏതെങ്കിലും കുറ്റിച്ചെടിയിൽ പിടുത്തം കിട്ടിയിട്ടുണ്ടാകും. വീണ്ടും മുകളിലേക്ക്. എത്ര മണിക്കൂർ കയറ്റം കയറി എന്നു തിട്ടമില്ല. വാരിയം കുടിയിലെത്തുമ്പോഴേക്കും സന്ധ്യയായിട്ടുണ്ടാകും. ചിലപ്പോൾ പൂയ്യംകുട്ടികാടുകളിലെ 'ഓർകുത്തി'ലെ പ്രത്യേക ജലം തേടി പോകുന്ന വലിയ ആനക്കൂട്ടങ്ങളുടെ മുന്നിലായിരിക്കും ചെന്നു പെടുക. അപ്പോൾ കുമാരന്റെ ചുണ്ടുകളിൽ നിന്നും മുതുവ മന്ത്രങ്ങൾ ഉരുവിടുന്നതു കേൾക്കാം. ആനക്കൂട്ടം വഴിമാറിപോകും. "പണ്ടുകാലത്ത് മന്ത്രംചൊല്ലി കടുവി (കടുവ) യായി മാറുന്ന കാർന്നോന്മാർ ഉണ്ടായിരുന്നത്രേ!: കുമാരന്റെ പിറുപിറുക്കൽ.

അന്നാണ് ഏറ്റവും വലിയ മലയായ 'ചൂലുമുടി' ഏറെ അരികിലാണെന്ന് കുമാരൻ കാണിച്ചുതന്നത്. ഷോളയാറിൽനിന്നു നോക്കിയാൽ ഏറ്റവും ഉയരമാർന്ന് അങ്ങകലെ ചൂലിമുടി കാണാം. അവിടെ വനദൈവങ്ങളുടെ വിഹാരരംഗമാണത്രെ. വനദൈവങ്ങളോടൊപ്പം വിളയാടുന്ന വരയാട്ടിൻ പറ്റങ്ങളുണ്ടിവിടെ. കുമാരൻ ഭയഭക്തിപൂർവ്വം ചൂലിമുടിയെ തൊഴുതൊരു നില്പുണ്ട്. അപ്പോൾ അയാളുടെ മുഖത്തൊരു പ്രത്യേക ചൈതന്യം രൂപപ്പെടുന്നതു കാണാം.

വാരിയകുടിയിൽ ഞങ്ങൾ രണ്ട് നാൾ തങ്ങി. അന്ന് മാണിയായിരുന്നു വാരിയംകുടിയിലെ കാണിക്കാരൻ (മൂപ്പൻ). എൺപതു വയസ്സിനും മുകളിലുള്ള കാണിക്കാരൻ നല്ല ആരോഗ്യവാനായിരുന്നു. ചൂലുമലയിൽ പോയ മലദൈവങ്ങളെ നേരിൽ കണ്ട ആളാണത്രെ! മൂന്നാം നാൾ ഞാനും കുമാരനും പൂയ്യംകുട്ടിക്ക് നടന്നു. പിന്നെ തെരകുടി വഴി ഇടമലയാർ കടന്ന് ഒരാഴ്ചകഴിഞ്ഞപ്പോൾ അടിച്ചിൽ തൊട്ടിയിലെത്തി.

അപ്പോഴേക്കും പൊങ്കലായി. പൊങ്കൽ നാളുകളിൽ കുമാരനും കൂട്ടർക്കും തിരക്കാണ്. വേഷംകെട്ടുണ്ടാകും. പലവിധ വേഷങ്ങളിൽ കുമാരനും തൊപ്പകൈയ്യനും നടരാജനുമൊക്കെ വിലസി നടക്കും. കുമാരൻ മിക്കപ്പോഴും സായിപ്പിന്റെ വേഷത്തിലായിരിക്കും. വലിയ വെള്ള മീശയൊക്കെവെച്ച് കാൽസിറായിയും ഇട്ട് അയാൾ കുടിലുകളിൽ കയറി ഇറങ്ങി 'ഇംഗ്ലീഷ്' പറയും. അപ്പോൾ മുതുവാന്മാരും മുതുവാത്തികളും കുട്ടികളുമൊക്കെ പൊട്ടിച്ചിരിക്കും. ഏത്



ഒരിക്കൽ കുമാരനും തൊപ്പകൈയ്യനുമെന്നെ 'മാവേലി മേട് കൂത്ത്' എന്ന വലിയ ഒരു വെള്ളച്ചാട്ടം കാണിക്കുവാൻ കൊണ്ടുപോയി. ആ യാത്രയിലാണ് സിംഹവാലൻകുരങ്ങുകളെ ആദ്യമായി കാണുന്നത്. 'സൈലന്റ്‌വാലി സിംഹവാലൻ" എന്നാണ് ഞാനന്നേവരെ കേട്ടിരുന്നതും വായിച്ചിരുന്നതും. 'ശിങ്കള വാലൻ'മാരെ കാണുക കുമാരനും കൂട്ടുകാർക്കും ഏറെ ആഹ്ലാകരമായ ദൃശ്യമാണ്. വൻ വൃക്ഷചോടുകളുടെ മറപറ്റി, ഏറെ നേരം അവയുടെ വിക്രിയകൾ ഞങ്ങൾ കണ്ടുനിന്നു. കാട്ടാൽമരങ്ങളും വെടിപ്ലാവുകളും യഥേഷ്ടം ഉള്ള ഷോളയാർ കാടുകളിൽ സിംഹവാലന്മാർ ഒട്ടും കുറവല്ലായിരുന്നു എന്ന് അങ്ങോട്ടുള്ള എന്റെ പിൻകാല വനയാത്രകളിലൊക്കെ തെളിഞ്ഞിരുന്നു.

കുടീന്നും എപ്പോൾ വേണമെങ്കിലും അവിടെ ഉള്ള എന്ത് ആഹാരവും വേഷംകെട്ടുകാർക്കു ശാപ്പിടാം. ആർക്കും തടയുവാൻ പാടില്ല. രാത്രി ആഴികൂട്ടി ഞങ്ങളൊക്കെ നൃത്തം ചെയ്യും. പാതിരാത്രിവരെ അത് തുടരും. പ്രത്യേക വാദ്യോപകരണങ്ങൾ അതിനുപയോഗിക്കും. വെള്ളചാമി മുതുവാനാണ് അതിന്റെ മേൽനോട്ടക്കാരൻ. കാട്ടുദൈവങ്ങളെ പ്രീതിപ്പെടുത്താൻ കാടിനകത്തളങ്ങളിൽ കോഴിവെട്ടുണ്ടാകും.

ഒരിക്കൽ കുമാരൻ എന്നെ ആകാനനത്തിന്റെ ഒരു പ്രത്യേക ഇടത്തേക്ക് കൂട്ടികൊണ്ടുപോയി. ആകാശം മുട്ടെ വളർന്നു നില്ക്കുന്ന ഭീമാകാരങ്ങളായ വൃക്ഷങ്ങളും അവയെ ചുറ്റിവരിഞ്ഞു നില്ക്കുന്ന പിടിച്ചാൽ പിടി എത്താത്ത കാട്ടുവള്ളികളും. സൂര്യപ്രകാശം വീഴാത്ത് കാടിനകത്തളങ്ങളിൽ ഈർപ്പമാർന്നും പലപല വലിപ്പത്തിലുള്ള അട്ടകളും നിറഞ്ഞതായിരുന്നു. വലിയ മൂങ്ങകൾ ഇടക്കിടെ മൂളി ഞങ്ങളെ ഭയപ്പെടുത്താൻ ശ്രമിച്ചുനോക്കി. അവ വലിയ കണ്ണുകൾവച്ച് ഇരുൾ വീണു കിടക്കുന്ന പച്ചിലച്ചാർത്തുകൾക്കിടയിലൂടെ ഞങ്ങളെ തുറിച്ചു നോക്കുന്നുണ്ടായിരുന്നു. ഇരുളടഞ്ഞ വനം. തേൻ എടുക്കുവാൻ പോയതാണു ഞങ്ങൾ. കുമാരന്റെ ജേഷ്ഠന്മാരായ മുത്തയ്യയും ചെമ്പനും ഉണ്ടായിരുന്നു. കൂടാതെ തൊപ്പകൈയ്യൻ, നടരാജൻ, ശിവേശാൻ, ചെലുന്തൻ...

അന്ന് ആ കൊടുംവനത്തിൽ വലിയ ഒരു ചീന്നിമരത്തിനു ചോട്ടിലാണ് അന്തിയുറങ്ങിയത്. ഉറക്കമൊന്നും ഉണ്ടായില്ല. രാത്രിയായപ്പോൾ കാടിനകത്തുനിന്നും പലവിധ ശബ്ദങ്ങൾ ഉയർന്നു.

'ശാറെ, അതു കടുവിചത്തം, അത് ചിർത്ത (പുള്ളിപുലി), അത് മനുഷ്യ മൂങ്ങ ചത്തം. ആന വരണ്ണ്ട്. പേടിക്കേണ്ട." കുമാരൻ ധൈര്യം തന്നു. 'നടരാജാ, നീ അഞ്ചാറ് ഈറ്റ വെട്ടി വാ, തൊപ്പയ്യാ നീയ് തീ കൂട്ട്' കുമാരൻ നിർദ്ദേശങ്ങൾ കൊടുത്തു. കുറച്ചു സമയത്തിനുള്ളിൽ അവിടെ ഒരു തീകുണ്ഡം ഉയർന്നു. അപ്പോഴേക്കും നടരാജനും ചെമ്പനും നീളമേറിയ മുഴുത്ത പച്ച ഈറ്റകൾ കൊണ്ടുവന്നു.

'ആന വര്ണ്' മുത്തയ്യ പറഞ്ഞു.

കുമാരൻ പച്ച ഈറ്റകളിൽ ഒന്നെടുത്ത് തീകുണ്ഠത്തിലേക്കിട്ടു. ഏതാനും നിമിഷങ്ങൾക്കം വെടിപൊട്ടും പോലെ ഒരറ്റശബ്ദം! ഞാൻ ഞെട്ടിപോയി. അപ്പോഴ്ക്കും അടുത്ത ഈറ്റയും തീയിലിട്ടു. വീണ്ടും വെടിശബ്ദം. കാട്ടിനകത്തു എന്തൊക്കെയോ ഓടി അകലുന്ന ശബ്ദങ്ങൾ. കാട് നിശബ്ദമായി.

'ആന കളിക്കണ്ട, കളി പഠിപ്പിക്കും മുതുവാൻ' കുമാരന്റെ ശബ്ദം.

കുമാരന്റെ പാചകം ബഹുകേമമാണ്. കാട്ടുച്ചക്ക സീസണാണെങ്കിൽ അയാൾ മരത്തിൽ കയറി പച്ചച്ചക്ക വെട്ടിഇടും. പിന്നെ അതുമായി ഏതെങ്കിലും നീർച്ചാലിനരുകിലെത്തും. ഒരു വെടിച്ചക്കയുടെ ഞെട്ട് തുടങ്ങുന്ന ഭാഗത്തുകൂടെ അടിച്ചുകയറ്റും. പിന്നെ ചക്ക്യുടെ പുറംതോട് എല്ലാം ചെത്തി കളയും. അതുകഴിഞ്ഞ് പുറത്തേക്കു നീണ്ടു നില്ക്കുന്ന വടിയുടെ അറ്റം എന്റെ കൈയ്യിലേക്കു തരും. ചക്ക് ഒരു പാറയിൽ ഞാൻ വയ്ക്കും. അതു കഴിഞ്ഞാലാണ് അടി തുടങ്ങുന്നത്. നല്ല കനമുള്ള വടി വച്ച് ചക്കയെ പൊതിരെ തല്ലും! ഞാൻ പിടിച്ചിരിക്കുന്ന വടി തിരിച്ചു കൊടുക്കുമ്പോൾ അടികൊള്ളുന്ന ഭാഗത്തൊക്കെ കൃത്യമായി അടികൾ വീണിരിക്കും. അപ്പോഴേക്കും ചക്കക്ക് അകത്തുള്ള കുരുക്കൾ മുഴുക്കെ വെളിയിൽ വന്നിട്ടുണ്ടാകും. ചക്ക കുരുക്കൾ പെറുക്കിയെടുത്ത് കുമാരൻ അതിന്മേൽ കുറച്ചു വെള്ളം ഒഴിക്കും. പിന്നെ ആ പാറപ്പുറത്തിട്ട് അവ കൈപ്പത്തികൾ ഉപയോഗിച്ചു ശക്തമായി ഉരക്കും. ഇടക്കിടെ ആറ്റിൽ നിന്നും വെള്ളം എടുത്ത് നനച്ചും കൊടുക്കും. അപ്പോഴ്ക്കും ചക്കക്കുരുക്കൾ എല്ലാം തൊടെല്ലാം പോയി നല്ല വെൺമയാർന്നിരിക്കും. അടുത്ത പടി അതിൽ അല്പം ഉപ്പും, മുളകുപൊടിയും ഇട്ട് തിരുമ്മും. പിന്നെ ഒരു പച്ച ഈറ്റ വെട്ടിയെടുത്ത് അതിൽ അവ നിറക്കും. ഈറ്റയുടെ തുറന്ന ഭാഗം ഇലകൾ തിരുകി അടക്കും. തീ കൂട്ടും. അതിൽ ആ ഈറ്റ എടുത്തു വയ്ക്കും. ഇടക്കിടെ തിരിച്ചുകൊടുക്കും. ഈറ്റയുടെ പച്ച നിറം തീകൊണ്ട് മാറുമ്പോൾ അതെടുത്ത് പാറയിൽ വയ്ക്കും. വാക്കത്തി എടുത്ത് അതിൽ നീണ്ട ഒരു വരയൽ. ഈറ്റ രണ്ടു വശത്തേക്ക് പിളർന്നു മാറും. അപ്പോൾ സ്വാദിഷ്ടമായ ഒരു വാസന മൂക്കിലടിച്ചുകയറും. ചക്കക്കുരു വെണ്ണപോലെ വെന്തിട്ടുണ്ടാകും! രുചിയുടെ കാര്യം പറയുകയും വേണ്ട. അത്തരത്തിലയാൾ മുളംകുമ്പം, ഈറ്റകുമ്പം എന്നിവയിലൊക്കെ ചോറ്, കറികൾ, പുഴുക്കുകൾ, തേനും രാഗിമാവും ചേർത്ത പലഹാരം ഒക്കെ ഉണ്ടാക്കും.

ഏത് കയം കണ്ടാലും കുമാരന് അതിലേക്ക് എത്ര ഉയരത്തിൽ നിന്നും എടുത്തു ചാടുന്നതും ഏറെ ഇഷ്ടമാണ്. പിന്നെ അതിൽ നീന്തി തിമിർക്കും. ചൂണ്ടയിട്ട് മീൻ പിടിച്ച് ഈറ്റ കുമ്പത്തിൽ വേവിച്ചു തിന്നും അയാൾ.

ഒരിക്കൽ കുടിയിൽ ചെന്നപ്പോൾ കുമാരൻ നീളമേറിയ ആ മുടി മുറിച്ചു കളഞ്ഞു പരിഷ്കാരിയായിരിക്കുന്നു! പല മുതുവായുവാക്കളും ഇത്തരം പരിഷ്കാരങ്ങൾക്ക് ഏറെ പ്രാധാന്യം കൊടുത്തു. ട്രാൻസിസ്റ്റർ റേഡിയോ തോളിൽ ഇട്ടും, സ്വർണ്ണ ചെയിനുള്ള റിസ്റ്റ് വാച്ച്, പോളിസ്റ്റർ ഷർട്ട് ഇങ്ങനെ പല പരിഷ്കാരങ്ങളിലേക്കുമവർ ചെന്നു കയറി. പ്രായമായവരിൽ മാത്രം തലയിൽ 'മുതുവാകെട്ട്' അവശേഷിച്ചു.

ഏറെ നാളുകൾക്കുശേഷം ആറ് വർഷം മുമ്പ് കുമാരനും ഞാനും ജലീലും മീരയും, നടരാജനും മലമുഴക്കി വേഴാമ്പലുകളെ തേടിപ്പോയി. അന്ന് കുമാരൻ മലമുഴക്കികളുടെ കൂടുകൾ എഴെണ്ണം കാട്ടിത്തന്നു. ഒരു ദിവസം ഞങ്ങൾ ബകരി മലയുടെ മുകളിലേക്ക് കയറി. വല്ലാത്ത ഒരു കയറ്റമായിരുന്നു അത്. ചരിഞ്ഞു കിടക്കുന്ന പാറയിലൂടെ വരയാടുകളെ തേടിയായിരുന്നു നീങ്ങിയത്. ചെങ്കുത്തായ ഒരു പാറയിലൂടെ എന്റെ കൈ പിടിച്ച് വരയാടുകൾക്കൊപ്പം ഓടിയത് മറക്കില്ല. അത്തരം പാറയിലൂടെ അയാളുടെ സഞ്ചാരവേഗത നമ്മെ ഭയപ്പെടുത്തിക്കളയും. അന്ന് ഞങ്ങൾ പന്ത്രണ്ട് വരയാടുകളെ അവിടെ കണ്ടു. ചിത്രം

എടുക്കുകയും ഉണ്ടായി.

ഒടുവിൽ കുമാരനെ കാണുന്നത് നാലുവർഷം ആയിക്കാണും. വൈകുന്നേരം കുടിയിലെത്തിയ ഞങ്ങൾ കുമാരനും കൂട്ടരും വൻതേ നെടുക്കാൻ രണ്ടാഴ്ചയായി കാടിനകത്താളങ്ങളിലെവിടെയോ ആണെന്നറിഞ്ഞു. അന്ന് കുമാരന്റെ കുടിലിൽ അന്തിയുറങ്ങിയ ഞങ്ങൾ പാതിരാവിലെപ്പോഴോ പട്ടികുര കേട്ടുണർന്നു. മഴപെയ്യുന്നുണ്ടായിരുന്നു. ആരോവരുന്ന കാൽപെരുമാറ്റം. വിളക്കു കത്തിച്ചുവെച്ചു. പെട്ടെന്ന് ചാരിവച്ച വാതിൽ തുറന്നു കുമാരൻ പ്രവേശിച്ചു!

പുറത്തെ ഇരുളിൽ നിന്നും അടർന്നുപോന്നപോലെ അയാൾ അവിടെനിന്നു. തലയിൽ തോർത്തുമുണ്ട് ഉപയോഗിച്ച് കെട്ടിമുറുക്കിയ ടോർച്ച് ലൈറ്റ് (ഹെഡ് ലൈറ്റ് പോലെ) കൈയ്യിൽ നീളമേറിയ വാക്കത്തി. മുതുകിൽകെട്ട്. നനഞ്ഞു കുതിർന്നദ്ദേഹം. കാലിൽ അട്ടകൾ.

"ശാറെ, തേനുണ്ട്"

അയാൾ മുതുകിലെ മാറാപ്പ് നിലത്തു ഇറക്കിവച്ചു അഴിച്ചു. ഈറ്റ ഇലയിൽ ഭദ്രമായി പൊതിഞ്ഞു വച്ചിരിക്കുന്ന ഇളം തേനടകൾ. ഞങ്ങളുടെ ഉറക്കമെല്ലാം പമ്പകടന്നു. ഞൊടിയിടകൊണ്ട് ഞങ്ങളതു കൈക്കലാക്കി. കാലിൽ കടിച്ചു തൂങ്ങിയ അട്ടകളെ ഒന്നൊന്നായി പറിച്ച് വെളിയിലേക്കെറിഞ്ഞ് കുമാരൻ ഞങ്ങളെ നോക്കി ചിരിച്ചു.

''ഞാൻ പറഞ്ഞില്ലേ ശാറേ, നിങ്ങള് വന്നത് അവനറിഞ്ഞാൽ ഏത് കാട്ടിലായാലും ഇവിടെ എത്തും എന്ന്" കുമാരന്റെ ചേട്ടൻ മുത്തയ്യ പറഞ്ഞു.

കുമാരന്റെ ആ വരവ് ഞാൻ മറക്കില്ല. ഈ മനുഷ്യൻ കൊടുംകാടിനുള്ളിൽവച്ച് ഞാൻ വന്നത് എങ്ങനെ അറിഞ്ഞു? തനിച്ച് മുതവാന്മാർ സഞ്ചരിക്കാത്ത ആ രാവിൽ, ആ കൊടുംകാട്ടിൽ എന്നെ തേടി എത്തുക?

കാടിന് അതിന്റേതായ സന്ദേശങ്ങൾ ഉണ്ട്, കുമാരനെ പോലുള്ള വർക്കായി.

അതുംകഴിഞ്ഞ് ഒരു വർഷം ആയിക്കാണും. ഞാൻ മറ്റു കാടുകളിലൊക്കെ അലഞ്ഞു തിരിഞ്ഞു നടന്നു. ഷോളയാർ വഴി പോയെങ്കിലും അടിച്ചിൽതൊട്ടിയിലേക്കു പോയില്ല. ഒരിക്കൽ വാഴച്ചാൽ ഡി.എഫ്.ഓ. ഇന്ദുചൂഢനെ കാണുവാൻ ചെന്നപ്പോഴാണ് ആ വാർത്ത അറിഞ്ഞത്.

"കുമാരൻ മരിച്ചുപോയി!"

വല്ലാത്ത ഒരു വിങ്ങലായിരുന്നു അകത്ത്. എന്തു പറയണം എന്നു തരിച്ചിരിക്കുമ്പോൾ ഡി.എഫ്.ഒ. പറഞ്ഞു: "ഏതോ മലയുടെ മുകളിൽ നിന്നും വീണതാണ്. പത്ത് ദിവസം കഴിഞ്ഞാണ് ബോഡി കിട്ടിയത്!"

ഞങ്ങളാകെ സ്തംഭിച്ചുപോയി. ഒരു മഴക്കാടുമുഴുക്കെ നഷ്ടപ്പെട്ടപോലെ. വരയാടിനൊപ്പം ഏതു വഴുക്കുന്ന പാറയും കയറുന്ന കുമാരന് കാലുകൾ ഇടറിയോ?

ആ കാലങ്ങളിൽ നാട്ടുകാരുമായി കുമാരന് എന്തോ ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നെന്നും കേട്ടിരുന്നു. കുമാരന്റെ ഭാര്യ ഇപ്പോഴും പറയും: "ശാറെ, അവന്മാർ കുമാരനെ കൊന്നതാണ്."

കുമാരനില്ലാത്ത ആ കാട്ടിലേക്ക് ഞങ്ങൾ ചെന്നു. ഈറ്റ ഓലകൊണ്ട് മേഞ്ഞ് എപ്പോഴും സുന്ദരമായിരുന്ന ആ കുടിലിൽ ഇപ്പോൾ ആരും താമസമില്ല. ഭാര്യ ചാവടി പുരയിലേക്ക് താമസം മാറ്റി. കുടിലിന്റെ മേൽക്കൂരയെല്ലാം ദ്വാരങ്ങൾ വീണുകഴിഞ്ഞു. കുമാരന്റെ ചില പഴയ വസ്ത്രങ്ങൾ, എപ്പോഴും കൊണ്ടു നടക്കുന്ന തോൾസഞ്ചി... പിന്നെ ചുമരിൽ ഞാനും കുമാരനും തോളിൽ കൈയിട്ടു നില്ക്കുന്ന പഴയ ഒരു ഫോട്ടോ. അതു കരിപിടിച്ചു കഴിഞ്ഞു. കുമാരനില്ലാത്ത ആ അന്ന് ഞങ്ങളവിടെ അന്തിയുറങ്ങാൻ കിടന്നു. ഉറക്കം വന്നില്ല. കുമാരൻ അവിടെ എവിടെയൊക്കെയോ ഉണ്ടെന്ന ഒരു തോന്നൽ.

എപ്പോഴും നമ്മോടൊപ്പം കൂടെ നടക്കുവാൻ ഇവരൊക്കെ കാണും എന്നു നിനച്ചിരിക്കുമ്പോൾ, ഒരു പ്രഭാതത്തിൽ ആരൊക്കെയോ മഴക്കാടിന്റെ ഹരിതത്തിലേക്ക് പൊഴിഞ്ഞു വീഴുന്നു. ചിലപ്പോൾ ഒരു കാടിന്റെ മനസ്സിനെ നാം തൊട്ടിരിക്കുന്നത് ഇവരുടെ വിരൽ തുമ്പിലൂടെയായിരിക്കണം. ചിലപ്പോൾ ഒരു കയറ്റം കയറി മലയുടെ ഉച്ചിയിലെത്തി, താഴെ പരന്നുകിടക്കുന്ന ഇരുണ്ട മഴക്കാട് കാണുമ്പോൾ ആരുടെയൊക്കെയോ സാമീപ്യം നാം ആഗ്രഹിച്ചുപോകും. ഇതിനു മുമ്പ് ഈ സ്ഥലത്ത് വന്നത് അവരുമായാണല്ലോ. എന്തൊക്കെയോ മനസ്സിനകത്ത് സ്നേഹത്തോടെ നിറച്ചു തന്നവർ.

പല മുതുവാന്മാരും എന്നോടൊപ്പം എന്റെ നാട്ടിൽ വന്നപ്പോൾ, കുമാരനു മാത്രം വരുവാൻ പറ്റിയില്ല. പലപ്പോഴും ആഗ്രഹിച്ചിരുന്നെങ്കിലും അയാൾ മറ്റെന്തെങ്കിലും കാഴ്ചകളുമായി കാട്ടിലലയുകയായിരുന്നു. ഇടക്കിടെ സൂചിപ്പിക്കുമായിരുന്നു അയാൾ അക്കാര്യം. ആ ആഗ്രഹം മനസ്സിലിട്ട് അയാൾ പോയി. മഴകാടിന്റെ ഇരുണ്ട ഉൾഭാഗങ്ങളിലേക്ക്. ഒരു ഇല പൊഴിയുംപോലെ......

മഴകാട്ടിൽ പൊഴിഞ്ഞുവീഴുന്ന ഇലകൾക്ക് മരണമില്ല.

അവ നിലത്തുവീണ് വളമായി വീണ്ടും വൃക്ഷങ്ങളിലൂടെ

പുനർജ്ജനിച്ചുകൊണ്ടേയിരിക്കുന്നു.

*നടുവിലകത്ത് വീട്,*
*പള്ളിപോർട്ട് പി.ഒ, എറണാകുളം*

• books
• magazines
• periodicals

BYWORD BOOKS

marva plaza, machingal lane
m.g. road, thrissur
Tel. : 0487 3256689,
Mob : 9847764577

for rare and new books